(ഇ) സി.ആർ.പി.സി. സെക്ഷൻ 151 പ്രകാരം കുറ്റ നമ്പർ 74/2000/ 73/2000 കേസുകളിലെ 14 പ്രതികളെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ പൂർത്തിയാക്കി വിട്ടയച്ചിട്ടുള്ളതാണ്.

70 (88) സംഘട്ടനങ്ങൾ

ശ്രീ.ജി.കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്; ഇവയിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ എത്ര; വർഗ്ഗീയ സംഘട്ടനങ്ങൾ എത്ര;

(ബി) ഇതുവരെ എത്ര കൊലപാതകങ്ങൾ നടന്നു; ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ നടന്ന സംഘട്ടനങ്ങൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ, വർഗ്ഗീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്നിവയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)	ആകെ സംഘട്ടനങ്ങൾ	-	27073
	രാഷ്ട്രീയ സംഘട്ടനങ്ങൾ	-	4973
	വർഗ്ഗീയ സംഘട്ടനങ്ങൾ	-	21
(ബി)	ആകെ കൊലപാതകങ്ങൾ	-	2058
	രാഷ്ട്രീയ കൊലപാതകങ്ങൾ	-	63

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

71 (89) നിരോധനാജ്ഞ ലംഘിച്ചവർ

ശ്രീ.ആര്യാടൻ മുഹമ്മദ് :
ശ്രീ.പി.പി.തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 സെപ്തംബർ 26-ാം തീയതി തൃക്കരിപ്പൂരിനു സമീപം എടച്ചാക്കൈയിൽ നിരോധനാജ്ഞ നിലവിലുണ്ടായിരുന്നുവോ;

(ബി) അന്ന് ഉച്ചയ്ക്ക് എടച്ചാക്കൈ ജംഗ്ഷനിൽ സി.പി.ഐ.(എം) പ്രവർത്തകർ കൂട്ടുകൂടി നിന്ന് നിരോധനാജ്ഞ ലംഘിച്ചുവോ;

(സി) ഇവർ പോലീസിനെ വളഞ്ഞുവച്ച് ഭീഷണിപ്പെടുത്തുകയുണ്ടായോ;

(ഡി) ജനക്കൂട്ടത്തെ അഭിസംബോധന ചെയ്ത് ആരെങ്കിലും പ്രസംഗിച്ചുവോ; എങ്കിൽ ആരെന്ന് വെളിപ്പെടുത്തുമോ;

---

* അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിരോധനാജ്ഞ ലംഘിക്കുകയും പ്രസംഗിക്കുകയും ചെയ്ത വരുടെ മേൽ എന്തു നടപടിയെടുത്തു;

(എഫ്) ഒരു നടപടിയും സ്വീകരിക്കാത്ത പക്ഷം അതിനുള്ള കാരണം എന്ത്?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഉദിക്കുന്നില്ല.

72 (90) കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങൾ

ശ്രീ.പി.പി.സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ അക്രമസംഭവങ്ങളുടെ നൈരന്തര്യമുണ്ടാകുവാൻ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ ജനങ്ങളുടെ അക്രമവാസനയ്ക്ക് നിദാനമെന്താണെന്ന് കണ്ടെത്താനും ജില്ലയിൽ സ്ഥായിയായ സമാധാനം സ്ഥാപിക്കുവാനുമുതകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ,ബി) കണ്ണൂർ ജില്ലയിൽ 1999 ഡിസംബർ മാസത്തെ അക്രമ സംഭവങ്ങൾക്ക് ശേഷം ജില്ലാതലത്തിൽ സമാധാന സമിതി രൂപീകരിച്ച് എല്ലാ മാസവും കളക്ടറേറ്റിൽ സമാധാന യോഗം ചേർന്ന് യോഗതീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പോലീസ് സർക്കിൾതലത്തിലും സമാധാന സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

73 (91) എം.എൽ.എ. മാരെ ബോംബെറിഞ്ഞ് ആക്രമിച്ച സംഭവം

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ആർ.എസ്.എസ്. ബി.ജെ.പി. പ്രവർത്തകർ എം.എൽ.എ. മാരെ ബോംബെറിഞ്ഞ് ആക്രമിച്ച സംഭവത്തിൽ എത്ര എം.എൽ.എ. മാർക്ക് പരിക്കേറ്റിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ :

(ബി) ഇതു സംബന്ധിച്ച് എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly